(ബി&സി) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് കൈമാറുന്നതിന് മുഖ്യമന്ത്രിതലത്തിൽ നടന്ന ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്.

ആശുപത്രി വികസന സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരണം

54 (2605) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സംസ്ഥാനത്ത് എത്ര ജനറലാശുപത്രികളിൽ ആശുപത്രി വികസന സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) ഇപ്രകാരം കമ്മിറ്റി രൂപീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശമായിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ സംസ്ഥാനത്തെ 4 ജനറലാശുപത്രികളിൽ ആശുപത്രി വികസന സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തിരുവനന്തപുരം - ജനറൽ ആശുപത്രി, തിരുവനന്തപുരം

ജനറൽ ആശുപത്രി, നെയ്യാറ്റിൻകര

പത്തനംതിട്ട - ജനറൽ ആശുപത്രി, അടൂർ

തൃശ്ശൂർ - ജനറൽ ആശുപത്രി, തൃശ്ശൂർ

(ബി) സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

പോളിയോ വിമുക്ത കേരളം

54 (2605) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം പോളിയോ വിമുക്തമായിട്ടും തുടർ വർഷങ്ങളിലും പോളിയോ നിർമ്മാർജ്ജന പരിപാടി നടപ്പിലാക്കാനുദ്ദേശിക്കുന്നതിനെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരുന്നു കമ്പനികളെ വഴിവിട്ട് സഹായിക്കുന്നതിന്റെ ഭാഗമായാണ് ഈ ക്യാമ്പയിനുകൾ നടത്തുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലായെങ്കിൽ പ്രസ്തുത ആരോപണം വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അയൽ രാജ്യങ്ങൾ ഇപ്പോഴും പോളിയോ വിമുക്തമായിട്ടില്ല. പോളിയോ വിമുക്തമാകാത്ത രാജ്യങ്ങളിൽനിന്നും സന്ദർശകർവഴി നമ്മുടെ സംസ്ഥാനത്ത് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ ആഗോള വ്യാപകമായി പോളിയോ നിർമ്മാർജ്ജനം നടപ്പിലാകുമ്പോൾമാത്രമേ നമ്മുടെ സംസ്ഥാനത്തും ഈ പരിപാടി നിർത്തലാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കാരുണ്യ ഫാർമസി ഔട്ട് ലെറ്റുകൾ

56 (2607) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കാരുണ്യ ഫാർമസി ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നൂറ് ദിവസത്തിനുള്ളിൽ പുതുതായി എത്ര കാരുണ്യാ ഫാർമസികൾ പ്രവർത്തനമാരംഭിക്കും ;

(സി) കാരുണ്യ ഫാർമസികൾ എല്ലാ താലൂക്കാശുപത്രികളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 26 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. മറ്റുള്ളവയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly